പങ്കാളിത്ത പെൻഷൻ പദ്ധതി

129 (4120) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ സർക്കാർ വിഹിതവും ജീവനക്കാരുടെ വിഹിതവും യഥാസമയം പെൻഷൻ ഫണ്ടിൽ അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദീകരണം നൽകാമോ ?

ഉത്തരം

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ സർക്കാർ വിഹിതവും ജീവനക്കാരുടെ വിഹിതവും 2014 മാർച്ച് മുതൽ പെൻഷൻ ഫണ്ടിൽ അടച്ച് തുടങ്ങിയിട്ടുണ്ട്. ഭാരത സർക്കാർ നിർദ്ദിഷ്ട പദ്ധതിയ്ക്കായി നിയോഗിച്ച PFRDA (പെൻഷൻ ഫണ്ട് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി) നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനും പ്രസ്തുത പദ്ധതിയ്ക്ക് അനിവാര്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനും ശേഷം 2014 ഫെബ്രുവരി മാസത്തെ ശമ്പളം മുതലാണ് ദേശീയ പെൻഷൻ പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമാക്കിയത്. 2013 ഏപ്രിൽ മുതലുള്ള കടിശ്ശിക തുക (ജീവനക്കാരന്റെ വിഹിതം സഹിതം) ഒടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുവാൻ സർക്കാർ നിശ്ചയിച്ച ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ

130 (4121) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാമ്പത്തിക ബുദ്ധിമുട്ട് തരണം ചെയ്യുവാൻ സർക്കാർ നിശ്ചയിച്ച ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ എന്തെല്ലാമെന്നും നിർദ്ദേശങ്ങൾ പ്രകാരം എത്ര തുകയുടെ ചെലവ് ചുരുക്കാൻ നാളിതുവരെ കഴിഞ്ഞു എന്നും വ്യക്തമാക്കുമോ ;

(ബി) നോൺ പ്ലാൻ ചെലവുകൾ ബജറ്റിനുള്ളിൽ തന്നെ നിർത്തേണ്ടതായിട്ടുള്ള സർക്കാർ നിർദ്ദേശം ഏതെല്ലാം വകുപ്പുകളിൽ നടപ്പാക്കാൻ നാളിതുവരെ കഴിഞ്ഞുവെന്ന് വിശദമാക്കുമോ;

(സി) വിദേശയാത്രകൾ സംബന്ധിച്ച ചെലവ് ചുരുക്കൽ നിർദ്ദേശപ്രകാരം അനുമതി നിഷേധിച്ച വിദേശയാത്രകൾ ആരുടെയെല്ലാം എന്ന് വ്യക്തമാക്കുമോ; ചെലവ് ചുരുക്കൽ നിർദ്ദേശം വന്നതിനുശേഷം ആരൊക്കെ വിദേശയാത്ര നടത്തിയെന്നും ആയതുവഴി ഖജനാവിന് വന്ന നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly